പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഈ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ എല്ലാവശങ്ങളെക്കുറിച്ചും ഗവണ്മെണ്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അങ്ങനെ ഒരു പരാതിയുണ്ട്.

ശ്രീ. വി. മാധവൻ: ഈ പരാതിയിൽ പറയുന്നകാര്യം ശരിയാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: പദ്ധതിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിൽ ഇതും ഉൾപ്പെടും.

പബ്ലിക്ക് സർവ്വീസ് നിയമനം

*നമ്പർ (൪൦) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാന്യപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജൂൺ മുതൽ, ൧൯൫൧, ഫെ ൦ എന്നീ തീയതികളിൽ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ എറണാകുളം മഹാരാജാസ് കോളേജിൽവച്ചു കൊച്ചി ഗവണ്മെണ്ടു് സർവ്വീസിലുള്ള ഉദ്യോഗാർത്ഥികളുമായി നടത്തിയ അഭിമുഖസംഭാഷണത്തിനുശേഷം അവരിൽ എത്ര പേരെയാണു് തിരുവിതാംകൂർ ഡിവിഷനിലെ പ്രൈമറി സ്കൂളുകളിൽ നിയമിച്ചിട്ടുള്ളതു്;

(ബി) അവർക്കു കൊച്ചി ഡിവിഷനിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളം കിട്ടുന്നുണ്ടോ;

(സി) ഈ നിയമനങ്ങൾക്കുശേഷം അവരേക്കാൾ ജൂനിയറായിട്ടുള്ള എത്രപേരെ കൊച്ചിഡിവിഷനിൽ ൫൦—൫൯ ശമ്പളസ്കെയിലിൽ നിയമിച്ചിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം മഹാരാജാസ് കോളേജിൽവച്ചു ൧൯൫൦ ജൂൺ മുതൽ, ൧൯൫൧, ഫെ ൦ ഈ തീയതികളിൽ, പബ്ലിക്കു് സർവ്വീസ് കമ്മീഷൻ കൊച്ചി സർവ്വീസിലുള്ള ഉദ്യോഗാർത്ഥികളുമായി അഭിമുഖസംഭാഷണം നടത്തിയിട്ടില്ല.

(ബിയും സിയും) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: മറേതെങ്കിലും തീയതികളിൽ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

ശ്രീ. സി. വി. ഇയ്യു: ജൂണിൽ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

WRITTEN ANSWERS

Acquisition Proceedings

*37. [43] **Sri. K. A. Mathew**: Will the Hon'ble Minister for Finance and Revenue be pleased to state:

(*a*) whether the Government acquired the property of the Y.M.C.A. Ernakulam for opening the Law College Hostel at Ernakulam;

(*b*) the date on which it was acquired;

(*c*) whether the Collector of the District passed any award of compensation to be paid to the Y. M. C. A. authorities;

LIBRARY ARCHIVES Kerala Legislative Assembly